(ബി) മത്സ്യഫെഡിൽ എത്ര ജൂനിയർ അസിസ്റ്റന്റ് തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യഫെഡിൽ അംഗീകൃത തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ 9 താൽക്കാലിക ജീവനക്കാർ ജോലി നോക്കിവരുന്നു.

(ബി) ജൂനിയർ അസിസ്റ്റന്റിന്റെ 47 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

മത്സ്യഗ്രാമ വികസന പദ്ധതി

146 (2965) ശ്രീ. വർക്കല കഹാർ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വികസന പരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2012-13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 23.88 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതി നിർവ്വഹണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി വികസന പരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യ ഗ്രാമങ്ങളിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) സംസ്ഥാന ഫിഷറീസ് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെയാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്.

(സി) കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതുവരെ ഭരണാനുമതി നൽകിയ വിവിധ പദ്ധതികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു :

കുടിവെള്ള വിതരണം (57 എണ്ണം)	-	51.39	കോടി രൂപ
വൈദ്യുതീകരണം (57 എണ്ണം)	-	23.03	കോടി രൂപ
സാനിട്ടേഷൻ (20 പബ്ലിക് ടോയ്ലറ്റ്, 3525 വ്യക്തിഗത ടോയ്ലറ്റുകൾ)	-	11.58	കോടി രൂപ
ലൈബ്രറി സഹായം (32 എണ്ണം)	-	8.99	കോടി രൂപ
ഹൈമാസ്റ്റ് ലൈറ്റുകൾ(104 എണ്ണം)	-	7.79	കോടി രൂപ
ജീവനോപാധി സഹായം (ഒരു മത്സ്യമാർക്കറ്റ്, 1862 വള്ളവും വലയും)	-	8.90	കോടി രൂപ

കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നു :

1. ഭവന രഹിതരായ 1800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായം നൽകുന്നു.
2. 1000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിന് 50,000 രൂപ വീതം ധനസഹായം നൽകുന്നു.
3. 1336 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വ്യക്തിഗത സാനിട്ടേഷൻ ഒരുക്കുന്നതിന് 17,500 രൂപ വീതം ധനസഹായം അനുവദിച്ചു. മത്സ്യഗ്രാമ വികസന പദ്ധതിയുടെ നിർവ്വഹണം പുരോഗമിച്ചുവരുന്നു.